"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗോശ്രീ ദ്വീപ് വികസന അതോറിറ്റി (ജിഡ) - എറണാകുളം ജില്ലയിലെ പിഴല - പാലിയംതുരുത്ത് റോഡിന്റെ ഒന്നാം ഘട്ട നിർമ്മാണം - Negotiated purchase മുഖേന ഭൂമി ഏറ്റെടുക്കുന്നത് - അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2328/2025/LSGD തീയതി,തിരുവനന്തപുരം, 24-09-2025

---

പരാമർശം:- 1. ഗോശ്രീ ദ്വീപ് വികസന അതോറിറ്റി സെക്രട്ടറിയുടെ 13/05/2025, 09.06.2025, 21.07.2025, 06.08.2025, 25.08.2025 തീയതികളിലെ GIDA/1369/2022 നമ്പർ കത്തുകൾ.

2. 31.12.2024, 30.06.2025 തീയതികളിലെ REV- B2/183/2023/REV പരിപത്രങ്ങൾ.

3. ഗോശ്രീ ദ്വീപ് വികസന അതോറിറ്റി സെക്രട്ടറിയുടെ 23.09.2025 ലെ GIDA/1427/2022 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ഗോശ്രീ ദ്വീപ് വികസന അതോറിറ്റി എറണാകുളം ജില്ലയിൽ കടമക്കുടി ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കുന്ന വലിയ കടമക്കുടി ചാത്തനാട് പാലം ഗതാഗതത്തിനായി തുറന്നു കൊടുക്കുന്നതോടു കൂടി കടമക്കുടി ഗ്രാമ പഞ്ചായത്തിലെ തീരെ വീതി കുറഞ്ഞ റോഡുകളിലൂടെയുള്ള യാത്ര ബുദ്ധിമുട്ടുള്ളതാകുമെന്നും, ആയതിനാൽ ഇപ്രകാരം വീതി കുറഞ്ഞ റോഡുകൾ 9 മീറ്റർ വീതിയിൽ പുതുക്കി നിർമിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിനായി Negotiated purchase പ്രകാരം സർക്കാർ ഭരണാനുമതി നൽകണമെന്ന് അതോറിറ്റി സെക്രട്ടറി പരാമർശം കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു. അതോറിറ്റി തനതു ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന പ്രസ്തുത റോഡുകൾ വീതി കൂട്ടുന്നതിന് വശങ്ങളിലുള്ള സ്ഥലം പൊന്നുംവില നടപടിയിലൂടെ ഏറ്റെടുക്കേണ്ടതില്ലെന്നും, Negotiated purchase പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനായി ജിഡയുടെ 36-മത് ജനറൽ കൗൺസിൽ യോഗ തീരുമാന പ്രകാരം ജിഡ സെക്രട്ടറിയെ ചുമതലപ്പെടുത്തിയതായും അറിയിച്ചിരുന്നു.

2) പിഴല - പാലിയംതുരുത് റോഡ് 1200 മീറ്റർ നീളം ഉള്ളതാണ്. അതിൽ ഒന്നാം ഘട്ടം റോഡ് 680 മീറ്ററാണ്. നിലവിലുള്ള 4 മീറ്ററിൽ താഴെ മാത്രം വീതിയുള്ള ഈ റോഡ് 9 മീറ്റർ വീതിയിൽ പുതുക്കി നിർമ്മിക്കുന്നതിന് കണയന്നൂർ താലൂക്ക് കടമക്കുടി വില്ലേജിൽ ഉൾപ്പെട്ട 32.04 ആർ സ്ഥലമാണ് ഏറ്റെടുക്കാനുള്ളതെന്നും, ഏറ്റെടുക്കേണ്ടി വരുന്ന ഭൂമിയിൽ വീടുകളോ മറ്റു സ്ഥാപനങ്ങളോ ഉൾപ്പെടുന്നില്ലെന്നും, ജില്ലാ കളക്ടർ നിശ്ചയിക്കുന്ന വിലക്ക് ഭൂമി വിട്ടു നൽകാമെന്ന് ഭൂരിഭാഗം ഉടമകളും സമ്മതിച്ചിട്ടുള്ളതാണെന്നും അറിയിച്ചിരിക്കുന്നു. മേൽ സാഹചര്യത്തിൽ, പിഴല - പാലിയംതുരുത്ത് റോഡിന്റെ ഒന്നാം ഘട്ട നിർമാണത്തിനായി, കണയന്നൂർ താലൂക്ക് കടമക്കുടി വില്ലേജിൽ ഉൾപ്പെട്ട 32.04 ആർ സ്ഥലം Negotiated Purchase പ്രകാരം വാങ്ങാൻ അനുമതി നൽകണമെന്ന് ജിഡ സെക്രട്ടറി അഭ്യർത്ഥിച്ചിരിക്കുന്നു. പരാമർശം (3) കത്തിൽ പിഴല - പാലിയംതുരുത്ത് റോഡിന്റെ ഒന്നാം ഘട്ട നിർമാണത്തിനായി കണയന്നൂർ താലൂക്ക്, കടമക്കുടി വില്ലേജിലെ വിവിധ സർവ്വേ നമ്പറുകളിൽ ഉൾപ്പെടുന്ന 31.54 ആർ ഭൂമിയാണ് എറ്റെടുക്കേണ്ടതെന്ന്

അറിയിച്ചിട്ടുള്ളതാണ്.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, എറണാകുളം ജില്ലയിലെ പിഴല - പാലിയംതുരുത്ത് റോഡിന്റെ ഒന്നാം ഘട്ട നിർമ്മാണത്തിനായി കണയന്നൂർ താലൂക്ക്, കടമക്കുടി വില്ലേജിലെ വിവിധ സർവ്വേ നമ്പറുകളിൽ ഉൾപ്പെടുന്ന 31.54 ആർ ഭൂമിയിൽ, ഇനി ലഭ്യമാക്കാനുള്ള ഭൂമി പരാമർശം (2) പരിപത്രത്തിലെ മാർഗരേഖകൾ പാലിച്ചു കൊണ്ടും, സ്ഥല ഉടമകളുടെ സമ്മത പത്രങ്ങൾ ജില്ലാ കളക്ടർ മുൻപാകെ ഹാജരാക്കേണ്ടതാണെന്ന വ്യവസ്ഥയിലും, Negotiated Purchase മുഖേന വാങ്ങുന്നതിന് ജിഡ സെക്രട്ടറിക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനുപമ ടി വി ഐ എ എസ്

സ്പെഷ്യൽ സെക്രട്ടറി

സെക്രട്ടറി, ഗോശ്രീ ദ്വീപ് വികസന അതോറിറ്റി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

ജില്ലാ കളക്ടർ എറണാകുളം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ ) കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ജി &എസ്.എസ്.എ)/ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

റവന്യൂ (ബി) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

വെബ് & ന്യൂമീഡിയ വകുപ്പ്

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (IA3/92/2025/LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 24-09-2025 17:00:09

സെക്ഷൻ ഓഫീസർ